# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം :- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിലെ ഉദ്യോഗസ്ഥർക്ക് റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സർക്കാരിന്റെ 25.03.2006 തീയതിയിലെ ജി.ഒ. (പി) 145/2006/ധന നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 18.11.2010 തീയതിയിലെ ജി.ഒ.(എം.എസ്) 265/2010/തസ്വഭവ നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 26.02.2011 തീയതിയിലെ ജി.ഒ.(പി) 85/2011/ധന നമ്പർ ഉത്തരവ്.
4. സർക്കാരിന്റെ 20.01.2016 തീയതിയിലെ ജി.ഒ.(പി) 7/2016/ധന നമ്പർ ഉത്തരവ്.
5. സർക്കാരിന്റെ 05.09.2011 തീയതിയിലെ ജി.ഒ.(എം.എസ്) 206/2011/തസ്വഭവ നമ്പർ ഉത്തരവ്.
6. പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017 തീയതിയിലെ ഇ8-12264/17(5) നമ്പർ ഉത്തരവ്.
7. പഞ്ചായത്ത് ഡയറക്ടറുടെ 02.06.2018 തീയതിയിലെ ഇ8-14132/18 നമ്പർ ഉത്തരവ്..

## ഇ8 – 17716/2018, തീയതി: 31.12.2018

പരാമർശം (1) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ടിന്റെയും സമാന തസ്തികകളുടെയും 20% തസ്തികകൾക്ക് റേഷ്യോ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതും പരാമർശം (3) പ്രകാരമുള്ള ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രസ്തുത ആനുകൂല്യം 25% ആയി വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്.

പഞ്ചായത്ത് വകുപ്പിൽ 17.11.2010 വരെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ പ്രൊമോഷൻ തസ്തികയായിരുന്നു സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ തസ്തികകൾ. എന്നാൽ ഈ 3 തസ്തികളുടെയും ശമ്പള നിരക്ക് സമാനമായതിനാൽ പരാമർശം (2) ഉത്തരവ് പ്രകാരം സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയും പ്രസ്തുത തസ്തികയുടെ പ്രൊമോഷൻ തസ്തികയായിരുന്ന സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ തസ്തികയും സംയോജിപ്പിച്ച് ഒറ്റ തസ്തികയാക്കുകയും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്ന് പുനർനാമകരണം ചെയ്യുകയും ഉണ്ടായി. തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ തസ്തികകൾ ഏകീകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന് പുനർനാമകരണം ചെയ്യുകയും. ആയതിന്റെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച തസ്തികയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതുമാണ്.

ആയതിനെ തുടർന്ന് പരാമർശം (7) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ 528 വരെ ഉൾപ്പെട്ടവർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഹയർ ഗ്രേഡ് അർഹമായ തീയതിയിൽ അനുവദിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ തുടർച്ചയെന്നോണം സീനിയോറിറ്റി പട്ടികയിലുൾപ്പെട്ടിട്ടുള്ള തുടർന്നുള്ള അർഹരായ ഉദ്യോഗസ്ഥർക്ക് ചുവടെ ചേർത്തിട്ടുള്ള പട്ടികയിലെ അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ 40500-85000 ശമ്പളനിരക്കിൽ റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർ ഗ്രേഡ് പ്രാബല്യ തീയതിയിൽ സസ്പെൻഷൻ, അനധികൃത ഹാജരില്ലായ്മ, മെഡിക്കൽ ഗ്രൗണ്ടിൽ അല്ലാത്ത ശൂന്യവേതനാവധി എന്നിവയിൽ തുടരുന്ന ജീവനക്കാർക്ക് മേൽപറഞ്ഞവയ്ക്കുശേഷം ജോലിയിൽ പ്രവേശിച്ച തീയതി പ്രാബ്യത്തിൽ ശമ്പളം പുനർനിർണ്ണയിക്കേണ്ടതാണ്.

ഈ ഉത്തരവുപ്രകാരം ഹയർ ഗ്രേഡ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം പുനർനിർണ്ണയിച്ച് ആവശ്യമുള്ള പക്ഷം സംസ്ഥാന ഓഡിറ്റ് വകുപ്പ്/അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ അംഗീകാരത്തിനു വിധേയമായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ടി വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനപുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

**(ഒപ്പ്)**
**എച്ച്. ദിനേശൻ ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

പകർപ്പ്:

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം/തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ/
പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
ഐ.കെ.എം. ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)
ഹെഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിന്)

## List of Secretary / PAU Supervisor / Senior Superintendent who are eligible for Ratio Based Higher Grade

| Sl. No. | Seniority No. in the cadre of SEC/SS/ PAU. Sr. | Name & Designation with present station | Date of Birth | Date of Promotion in the cadre of S.S/PAS/ SGS | Date of Ratio Promotion | Scale of pay | Remarks |
|---|---|---|---|---|---|---|---|
| 1. | 529 | S. Manoj<br>Secretary<br>Marutharoad Grama Panchayat<br>Palakkad | 28.05.1975 | 30-11-2011 | 01.11.2018 | 40500-8500 | Sen.No. 38 Smt. K M Saraswathy Retired |
| 2. | 530 | Joseph M Chacko<br>Secretary<br>East Eleri Grama Panchayat<br>Kasargode | 15.03.1973 | 30-11-2011 | 01.12.2018 | 40500-8500 | Sen.No. 191 Sri. Dennis Correya Retired |
| 3. | 531 | Babu T K<br>Secretary<br>Niramaruthoor Grama Panchayat, Malappuram | 18.05.1969 | 30-11-2011 | 01.12.2018 | 40500-8500 | Sen.No. 455 Smt. B.Lathika Devi Retired |
| 4. | 532 | Joseph T F<br>Secretary<br>Manrothuruthu Grama Panchayat, Kollam | 26.05.1974 | 30-11-2011 | 01.01.2019 | 40500-8500 | Sen.No. 119 Sri.Asharaf khan Retired |
| 5. | 534 | Raveendran K<br>Secretary<br>Vattamkulam Grama Panchayat<br>Malappuram | 01.04.1963 | 30-11-2011 | 01.01.2019 | 40500-8500 | Sen.No. 481 Sri.Balachandran Retired |

**Sd/-**

**Director of Panchayats**